പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :5492 — 01. 07. 2019 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി ലൈൻമാൻമാരുടെ സ്ഥലംമാറ്റം**

ചോദ്യം

ശ്രീ.കെ.എം.ഷാജി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ)കെ.എസ്.ഇ.ബി യുടെ 01/06/2019 -ലെ ഇ.ബി4(എ)/എൽ.എം/ജി.റ്റി/2019 നമ്പർ പ്രകാരമുള്ള ലൈൻമാൻമാരുടെ സ്ഥലംമാറ്റ ഉത്തരവനുസരിച്ച് പ്രസ്തുത ജീവനക്കാർ നിലവിൽ ജോലിചെയ്യുന്ന സ്ഥലങ്ങളിൽ നിന്ന് വിടുതൽ നേടി പുതിയ സ്ഥലങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് കാലതാമസം നേരിടുന്നതിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (എ) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ 01.06.2019 ലെ ഇ.ബി 4(എ)/-എൽ.എം./ജി.റ്റി/2019 പ്രകാരമുള്ള ലൈൻമാൻമാരുടെ സ്ഥലംമാറ്റ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ നിലവിൽ ജോലി ചെയ്തു വരുന്ന സ്ഥലങ്ങളിൽ നിന്ന് വിടുതൽ നേടി പുതിയ സ്ഥലങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്ന നടപടികൾ തുടർന്നു വരുന്നു. ഗ്രീവൻസ് നൽകിയവരുടെയും കോടതിയിൽ കേസ് നൽകിയവരുടെയും വിടുതൽ ഗ്രീവൻസ്/കോടതി കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനനുസരിച്ച് തീരുമാനം കൈകൊള്ളുന്നതാണ്. |
| (ബി)മലപ്പുറം ജില്ലയിൽ നിന്ന് വിടുതൽ നേടി പുതിയ സ്ഥലങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിന് കെ.എസ്.ഇ.ബി ചെയർമാൻ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;<br>(സി)സ്ഥലംമാറ്റ ഉത്തരവ് സംബന്ധിച്ച് തൽക്കാലം തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് കെ.എസ്.ഇ.ബി. ചെയർമാൻ മഞ്ചേരി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;<br>(ഡി)മഞ്ചേരി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബോധപൂർവ്വം സ്ഥലംമാറ്റ ഉത്തരവ് നടപ്പിലാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഇ)എങ്കിൽ ആയത് പരിശോധിച്ച് എത്രയും വേഗം ലൈൻമാൻ തസ്തികയിലെ ജീവനക്കാരെ വിടുതൽ ചെയ്ത് പുതിയ ഓഫീസുകളിൽ ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (ബി), (സി), (ഡി) & (ഇ) സംസ്ഥാന വൈദ്യുതി ബോർഡിൽ ഏറ്റവും അധികം ജീവനക്കാർ ജോലി ചെയ്യുന്ന തസ്തികകളിൽ ഒന്നാണ് ലൈൻമാൻ തസ്തിക. ഓരോ പ്രദേശത്തേയും വൈദ്യുതി വിതരണത്തിലും, വൈദ്യുതി തടസ്സ നിവാരണത്തിലും നേരിട്ട് ബന്ധമുള്ള ഒരു തസ്തികയായതിനാൽ ഒറ്റയടിക്ക് ട്രാൻസ്ഫർ ആയ എല്ലാ ലൈൻമാൻമാരേയും വിടുതൽ ചെയ്യുന്നത് അപ്രായോഗികമാണ്, കാലവർഷം ശക്തി പ്രാപിക്കുമെന്ന പ്രവചനം നിലനിൽക്കുന്നതിനാലാണ് എല്ലാ ജില്ലകളിലേയും ലൈൻമാൻമാരെ കൂട്ടത്തോടെ വിടുതൽ ചെയ്യുന്നതിന് താൽക്കാലികമായി നിയന്ത്രണം ഏർപ്പെടുത്തിയത്. മലപ്പുറം ജില്ലയിൽ മാത്രമായിട്ട് ഒരു നിർദ്ദേശവും നൽകിയിട്ടില്ലാത്തതാകുന്നു. ഘട്ടം ഘട്ടമായി ട്രാൻസ്ഫർ ആയ എല്ലാ ലൈൻമാൻമാരേയും വിടുതൽ ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ